# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 11.08.2025**

## പ്രധാനവാർത്തകൾ

1. വർഷകാല സമ്മേളനം നടക്കുന്ന പാർലെൻറിൽ ഇന്നും നടപടികൾ തടസ്സപ്പെട്ടു. പ്രതിപക്ഷ ബഹളത്തെ തുടർന്ന് ഇരുസഭകളും ഉച്ചയ്ക്ക് രണ്ട് മണിവരെ നിർത്തിവച്ചു.
2. ഏക് ഭാരത് ശ്രേഷ്ഠ ഭാരത്തിന്റെ പ്രതിഫലനമാണ് വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള എംപിമാർക്കായി ന്യൂഡൽഹിയിൽ നിർമിച്ച വാസസ്ഥലമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.
3. സംസ്ഥാനത്തെ പൊതു ആരോഗ്യ സംവിധാനം മികച്ച നിലവാരത്തിലാണ് പ്രവർത്തിക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
4. കണ്ണൂർ ആറളം ഫാമിലും പുനരധിവാസമേഖലയിലും തമ്പടിച്ചിരിക്കുന്ന കാട്ടാനകളെ വനത്തിലേക്ക് തുരത്തുന്നതിനുള്ള ഗജമുക്തി പദ്ധതിക്ക് തുടക്കമായി.
5. ഒഡീഷയിൽ നടക്കുന്ന വേൾഡ് അത്‌ലറ്റിക്സ് കോണ്ടിനെന്റൽ മീറ്റിൻറെ പുരുഷ ലോങ്ങ് ജമ്പിൽ മലയാളി താരം മുരളി ശ്രീശങ്കറിന് സ്വർണം .

*********************************************

RNU TVPM

## പാർലമെൻറ്

വർഷകാല സമ്മേളനം നടക്കുന്ന പാർലെൻറിൽ ഇന്നും നടപടികൾ തടസ്സപ്പെട്ടു. ബീഹാറിലെ തീവ്ര വോട്ടർപട്ടിക പരിഷ്ക്കരണം ഉൾപ്പെടെയുള്ള വിഷയങ്ങളിലെ പ്രതിപക്ഷ ബഹളത്തെ തുടർന്ന് ഇരുസഭകളും ഉച്ചയ്ക്ക് രണ്ട് മണിവരെ നിർത്തിവച്ചു. രാവിലെ സഭ ആരംഭിച്ചപ്പോൾ ലോക്സഭയിൽ ചോദ്യോത്തര വേള തുടങ്ങിയെങ്കിലും പ്രതിപക്ഷ ബഹളം രൂക്ഷമാകുകയായിരുന്നു. പ്രതിപക്ഷാംഗങ്ങളോട് നടപടികൾ തടസ്സപ്പെടുത്തരുതെന്ന് സ്പീക്കർ ഓംബിർല ആവശ്യപ്പെട്ടെങ്കിലും ബഹളം തുടർന്നതോടെയാണ് ഉച്ചവരെ നടപടികൾ നിർത്തിയത്. രാജ്യസഭയിലും സമാന സാഹചര്യമായിരുന്നു.

*******************************************

## പ്രധാനമന്ത്രി - ഫ്ലാറ്റ് (ഇൻട്രോ)

RNU TVPM

പാർലമെൻറ് അംഗങ്ങൾക്കായി കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ ഇതുവരെ ഏകദേശം 350 പുതിയ വീടുകൾ നിർമ്മിച്ചിട്ടുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി . വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള എംപിമാർ ഈ വീടുകളിൽ ഒരുമിച്ച് താമസിക്കുന്നത് ഏക് ഭാരത് ശ്രേഷ്ഠ ഭാരതത്തിന്റെ ദർശനത്തെ പ്രതിഫലിപ്പിക്കുമെന്ന് പ്രധാനമന്ത്രി പറഞ്ഞു . ന്യൂഡൽഹിയിലെ ബാബ ഖരക് സിംഗ് മാർഗിൽ എം പി മാർക്കായി നിർമ്മിച്ച 184 ഫ്ലാറ്റുകൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു പ്രധാനമന്ത്രി.

( ഹോൾഡ് വോയിസ് )

രാജ്യത്തെ മഹാനദികളായ കൃഷ്ണ, ഗോദാവരി, കോസി, ഹൂഗ്ലി എന്നിവയുടെ പേരാണ് വാസസ്ഥലങ്ങൾക്ക് നല്കിയിരിക്കുന്ന തെന്നും പ്രധാനമന്ത്രി പറഞ്ഞു. .

*******************************************

## പിണറായി വിജയൻ-ആരോഗ്യം

സംസ്ഥാനത്തെ പൊതു ആരോഗ്യ സംവിധാനം മികച്ച രീതിയിലാണ് നിലനിൽക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിൽ മികച്ചവയെ പല അന്താരാഷ്ട്ര സ്വകാര്യ കുത്തക കമ്പനികൾ സ്വന്തമാക്കുകയാണെന്നും മുഖ്യമന്ത്രി പറഞ്ഞു. കണ്ണൂർ ജില്ലാ ആശുപത്രി സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് ഉദ്ഘാടനം ചെയ്യുക ആയിരുന്നു മുഖ്യമന്ത്രി. രാവിലെ ഭൂവിനിയോഗ വകുപ്പ് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കായി നടത്തുന്ന സമുചിത വിള നിർണ്ണയ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനവും മുഖ്യമന്ത്രി നിർവഹിച്ചു. വൈകിട്ട് വേങ്ങാട് ലൈഫ് ഭവന പദ്ധതിയിൽ നിർമ്മിച്ച 50 വീടുകളുടെ താക്കോൽ അദ്ദേഹം കൈമാറും.

*******************************

## മുഖ്യമന്ത്രി - ധർമ്മടം

മുഖ്യമന്ത്രി നാളെ രാവിലെ ധർമ്മടം മണ്ഡലത്തിലെ ചേക്കുപാലം റെഗുലേറ്റർ കം ബ്രിഡ്ജും കൊടുവള്ളി റെയിൽവേ ഓവർ ബ്രിഡ്ജും ഉദ്ഘാടനം ചെയ്യും. വൈകിട്ട് കണ്ണൂർ പൊലീസ് പരേഡ് ഗ്രൗണ്ടിലെ സിന്തറ്റിക് ട്രാക്കിന്റെയും ഒമ്പത് പൊലീസ് സ്റ്റേഷനുകളുടെയും ഉദ്ഘാടനവും മുഖ്യമന്ത്രി നിർവഹിക്കും.

*******************************

## എയർ ഇന്ത്യ - കെ.സി.വേണുഗോപാൽ

തിരുവനന്തപുരത്ത് നിന്ന് ഡൽഹിയിലേക്കുള്ള എയർ ഇന്ത്യ വിമാനം അടിയന്തര ലാൻഡിംഗ് നടത്തിയ സംഭവത്തിൽ അന്വേഷണം നടത്തണമെന്ന് dgca യോട് ആവശ്യപ്പെട്ടതായി കെ സി വേണുഗോപാൽ എം പി . ഇത്തരം പിഴവുകൾ പരിഹരിക്കാനും , ആവർത്തിക്കില്ലെന്നു ഉറപ്പാക്കാനും നടപടി

RNU TVPM

സ്വീകരിക്കണമെന്നും എം പി ആവശ്യപ്പെട്ടു. കെ സി വേണുഗോപാൽ, ഉൾപ്പെടെ അഞ്ച് എംപിമാരും ഇന്നലെ ഈ വിമാനത്തിൽ യാത്ര ചെയ്തിരുന്നു.

*********************************

## വോട്ടർപട്ടിക

കേരളത്തിൽ തദ്ദേശ തിരഞ്ഞെടുപ്പിലെ വോട്ടർപട്ടിക പുതുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. കരട് വോട്ടർപട്ടിക പുതുക്കുന്നതിന് നാളെ വരെ സമയം അനുവദിച്ചിട്ടുണ്ട്. അന്തിമ വോട്ടർ പട്ടിക ഈ മാസം 30 ന് പ്രസിദ്ധീകരിക്കും.

*********************************

## സ്വാതന്ത്ര്യദിനം - പ്രധാനമന്ത്രി

79-ാമത് സ്വാതന്ത്ര്യദിന പ്രസംഗത്തിനായി ആശയങ്ങൾ പങ്കിടാൻ രാജ്യത്തെ ജനങ്ങളെ ക്ഷണിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. ന്യൂഡൽഹിയിലെ ചുവപ്പ്കോട്ടയിൽ നടക്കുന്ന പ്രസംഗത്തിൽ ഉൾപ്പെടുത്താനായാണ് ചിന്തകളും ആശയങ്ങളും ക്ഷണിച്ചത്.

RNU TVPM

*********************************

## ഹർ ഖർ തിരംഗ

ഹർ ഖർ തിരംഗ പ്രചാരണത്തിന്റെ ഭാഗമായി കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയവും ദേശീയ ചലച്ചിത്ര വികസന കോർപ്പറേഷനും സംയുക്തമായി ന്യൂഡൽഹിയിൽ മൂന്ന് ദിവസത്തെ ചലച്ചിത്ര മേള സംഘടിപ്പിക്കുന്നു. ഇന്ന് മുതൽ ബുധനാഴ്ച വരെ നടക്കുന്ന മേളയിൽ ദേശസ്നേഹം പ്രതിഫലിക്കുന്ന ചലച്ചിത്രങ്ങളാണ് പ്രദർശിപ്പിക്കുന്നത്. പ്രവേശനം സൗജന്യമാണ്.

*****************************************

## മന്ത്രി വീണ ജോർജ്ജ് -കണ്ണൂർ

കണ്ണൂർ പരിയാരം ഗവ.ആയുർവേദ കോളേജിൽ പൂർത്തിയായ ലേഡീസ് ഹോസ്റ്റലിൻറെ ഒന്നും രണ്ടും നിലകളും ഓപ്പൺ എയർ സ്റ്റേജും മന്ത്രി വീണ ജോർജ്ജ് ഉദ്ഘാടനം ചെയ്തു. നാലു കോടി രൂപ ചെലവിട്ടാണ് ലേഡീസ് ഹോസ്റ്റലിന്റെ പുതിയ നിലകൾ പണി പൂർത്തിയാക്കിയത്. പരിയാരം ഗവ : മെഡിക്കൽ കോളേജിൽ ആരോഗ്യമന്ത്രിയുടെ നേതൃത്വത്തിൽ അവലോകന യോഗവും ചേർന്നു.

*****************************************

## ബ്രേക്ക്

**ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....**

**(ബ്രേക്ക്)**

*****************************************

## എ ഇ ഒ - മന്ത്രി വി ശിവൻകുട്ടി

കണ്ണൂർ നോർത്ത് എ ഇ ഒ ഓഫീസിൽ മന്ത്രി വി ശിവൻകുട്ടി മിന്നൽ സന്ദർശനം നടത്തി. ഫയൽ നീക്കം വൈകുന്നതിൽ ലഭിച്ച പരാതിയെ തുടർന്നാണ് സന്ദർശനം. ഒമ്പത് വർഷമായി നിയമന അംഗീകാരവുമായി ബന്ധപ്പെട്ട ഫയൽ തടഞ്ഞു വച്ചതായി പരാതി ഉണ്ടായിരുന്നു.

*****************************************

## കണ്ണൂർ - ആറളം ഫാം (ഇൻട്രോ)

കണ്ണൂർ ആറളത്ത് ഗജമുക്തി പദ്ധതിക്ക് തുടക്കമായി. ഫാമിലും പുനരധിവാസമേഖലയിലും തമ്പടിച്ചിരിക്കുന്ന കാട്ടാനകളെ

RNU TVPM

വനത്തിലേക്ക് തുരത്തുന്നതിനുള്ള നടപടിക്കാണ് രാവിലെ തുടക്കമായത്. വനം വകുപ്പിനാണ് ആനകളെ തുരത്തുന്നതിനുള്ള പൂർണ്ണ ചുമതല.

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ...**

(വോയ്സ്)

********************************************

## വിള ഇൻഷുറൻസ്-ശിവരാജ് സിംഗ് ചൗഹാൻ

രാജസ്ഥാനിലെ ജുൻജുനുവിൽ ഇന്ന് നടക്കുന്ന പരിപാടിയിൽ 30 ലക്ഷത്തിലധികം കർഷകർക്ക് 3,200 കോടിയിലധികം രൂപയുടെ വിള ഇൻഷുറൻസ് ക്ലെയിമുകൾ കേന്ദ്ര മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ വിതരണം ചെയ്യും. രാജ്യത്തുടനീളമുള്ള വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള കർഷകർ വെർച്വലായി പരിപാടിയിൽ പങ്കെടുക്കും.

RNUTVPM

********************************************

## സ്മൃതി വന്ദനം 2025

മരണാനന്തര അവയവദാതാക്കളെ അനുസ്മരിക്കുന്നതിനും അവരുടെ കുടുംബാംഗങ്ങളെ ആദരിക്കുന്നതിനുമായി സംഘടിപ്പിക്കുന്ന 'സ്മൃതി വന്ദനം 2025' പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രിവീണാ ജോർജ് മറ്റന്നാൾ തിരുവനന്തപുരത്തു നിർവഹിക്കും. അന്തർദേശീയ അവയവദാന ദിനാചരണത്തിന്റെ ഭാഗമായി കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യു ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷന്റെ നേതൃത്വത്തിലാണ് പരിപാടി.

********************************************

## കനാൽ നവീകരണ പദ്ധതി

കനാൽ നവീകരണ പദ്ധതി സംബന്ധിച്ച ബോധവൽക്കരണ പരിപാടിയും വർക്ക്ഷോപ്പും ഇന്ന് കൊച്ചിയിൽ നടക്കും . ചരിത്രമുറങ്ങുന്ന കൊച്ചിയിലെ കനാലുകൾ നവീകരിച്ച് നഗരത്തിന്റെ മുഖച്ഛായ മാറ്റാനും നഗരവാസികളുടെ ജീവിതത്തിൽ ഗുണപരമായ മാറ്റങ്ങൾക്ക് കളമൊരുക്കാനും ലക്ഷ്യമിട്ടുള്ളതാണു പദ്ധതി. വൈകീട്ട് എറണാകുളം ടൗൺഹാളിൽ മന്ത്രി പി രാജീവിന്റെ അധ്യക്ഷതയിലാണ് പരിപാടി. പദ്ധതി സംബന്ധിച്ച നഗരവാസികളുടെ അഭിപ്രായങ്ങൾ അവതരിപ്പിക്കാനും ചർച്ച ചെയ്യാനുമുള്ള അവസരവും ഉണ്ടാകും.

********************************

## വേൾഡ് അത്‌ലറ്റിക്സ്

ഒഡീഷയിലെ ഭുവനേശ്വറിൽ നടക്കുന്ന വേൾഡ് അത്‌ലറ്റിക്സ് കോണ്ടിനെന്റൽ മീറ്റ് പുരുഷ ലോങ്ങ് ജമ്പിൽ മലയാളി താരം മുരളി ശ്രീശങ്കറിന് സ്വർണം . സീസണിലെ മികച്ച പ്രകടനവുമായി 8.13 മീറ്റർ ദൂരം ചാടിയാണ് ശ്രീശങ്കർ നേട്ടം സ്വന്തമാക്കിയത്. വനിതാ ജാവലിൻ ത്രോയിൽ ഒളിമ്പ്യൻ അന്നു റാണി സ്വർണം സ്വന്തമാക്കി. പുരുഷന്മാരുടെ ജാവലിൻ ത്രോയിൽ, ഇന്ത്യയുടെ ശിവം ലോഹകരെ വെള്ളി മെഡൽ നേടി.

RNUTVPM

********************************

## കടമക്കുടി : ഹെവൻ ഓഫ് വാലി

കടമക്കുടി ദ്വീപ് സമൂഹത്തിന്റെ ടൂറിസം വികസന സാധ്യത തിരിച്ചറിയാനായി സംഘടിപ്പിക്കുന്ന കടമക്കുടി കാഴ്ചകളും വിനോദ സഞ്ചാര സെമിനാറും എറണാകുളത്തു മന്ത്രി പി രാജീവ് നാളെ ഉദ്ഘാടനം ചെയ്യും നാളെയും മറ്റന്നാളുമായാണ് പരിപാടി

നടക്കുകയെന്ന് 'കടമക്കുടി : ഹെവൻ ഓഫ് വാലി' സംഘാടക സമിതി അറിയിച്ചു.

*******************************************

## ഉൾനാടൻ ജലയാനങ്ങൾ - രജിസ്ട്രേഷൻ

സംസ്ഥാനത്ത് യന്ത്രവൽകൃത ഉൾനാടൻ ജലയാനങ്ങളുടെ രജിസ്ട്രേഷൻ-സർവേ നടപടിക്കായി അപേക്ഷിക്കാനുള്ള തീയതി ഈ മാസം 31 വരെ നീട്ടി. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഇല്ലാത്തതും സുരക്ഷാ മാർഗനിർദേശങ്ങൾ പാലിക്കാത്തതുമായ ഹൗസ് ബോട്ടുകൾ അടക്കമുള്ള എല്ലാ യാനങ്ങൾക്കും പിഴ ഈടാക്കുമെന്നും സർവീസ് യോഗ്യമല്ലാത്തവ പിടികൂടി നശിപ്പിക്കുമെന്നും അധികൃതർ അറയിച്ചു.

*******************************************

## ക്രൈം ബ്രാഞ്ച് പുതിയ കെട്ടിടം

എറണാകുളം ക്രൈം ബ്രാഞ്ച് പുതിയ ഓഫീസ് സമുച്ചയത്തിന്റെ ഉദ്ഘാടനം നാളെ വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി നിർവ്വഹിക്കും. മന്ത്രി പി രാജീവ് അധ്യക്ഷത വഹിക്കും. കളമശ്ശേരിയിലുള്ള എറണാകുളം റൂറൽ പോലീസ് ജില്ലാ ഹെഡ് കോർട്ടേഴ്സിന് സമീപമാണ് ക്രൈം ബ്രാഞ്ചിന്റെ പുതിയ കെട്ടിടം.

RNU TVPM

*******************************************

## വനിതാ ഏഷ്യൻ കപ്പ്

ഇന്ത്യയുടെ അണ്ടർ-20 വനിതാ ഫുട്ബോൾ ടീം 2026-ലെ AFC വനിതാ ഏഷ്യൻ കപ്പ് ഫുട്ബോളിന് യോഗ്യത നേടി. യാംഗോണിൽ നടന്ന മത്സരത്തിൽ ആതിഥേയരായ മ്യാൻമറെ 1-0 ന് തോൽപ്പിച്ചതോടെയാണ് ഇന്ത്യ യോഗ്യത നേടിയത്. 20

വർഷത്തിനുശേഷമാണ് ഇന്ത്യയുടെ ടൂർണമെന്റ് പ്രവേശനം. തായ്‌ലൻഡിലാണ് ഏഷ്യൻ കപ്പ് മത്സരങ്ങൾ നടക്കുക.

*****************************************

## മന്ത്രി വി ശിവൻകുട്ടി

കണ്ണൂർ മുണ്ടേരി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ പുതിയ കെട്ടിട സമുച്ചയം മന്ത്രി വി ശിവൻകുട്ടി ഉദ്ഘാടനം ചെയ്തു. മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി അധ്യക്ഷനായി. മുദ്ര വിദ്യാഭ്യാസ പദ്ധതി വികസന പ്രവർത്തനത്തിൻ്റെ ഭാഗമായി മൂന്ന് കോടി 30 ലക്ഷം രൂപ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചതാണ് ബഹുനില കെട്ടിടം.

*****************************************

## ഗതാഗത നിയന്ത്രണം

മേൽപ്പാല നിർമ്മാണവുമായി ബന്ധപ്പെട്ട് തിരുവനന്തപുരത്ത് ഈഞ്ചക്കൽ ഭാഗത്തു രാത്രി ഗതാഗത ക്രമീകരണങ്ങൾ ഏർപ്പെടുത്തി. ഇന്ന് മുതൽ ഈ മാസം പതിനേഴാം തീയതി വരെ രാത്രി 11 മണി മുതൽ രാവിലെ 5 മണി വരെയാണ് ക്രമീകരണങ്ങൾ ഏർപ്പെടുത്തിയത്. പൊതുജനങ്ങൾ സഹകരിക്കണമെന്ന് തിരുവനന്തപുരം സിറ്റി പൊലീസ് അഭ്യർത്ഥിച്ചു.

RNU TVPM

***********************************************************************